കണക്കിൽ ധനസഹായം നൽകിവരുന്നു. ഈ പദ്ധതിക്കായി തന്നാണ്ടത്തെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ ഇതുവരെ 1587 മത്സ്യത്തൊഴിലാളി ഭവനങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, ഫിഷറീസ് ഡിസ്പെൻസറികൾ, ഗൈഡ് ലൈറ്റുകൾ എന്നിവ സ്ഥാപിച്ചു വരുന്നുണ്ട്.

ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്ന മത്സ്യത്തൊഴിലാളി മേഖലകളിൽ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ഫിഷറീസ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം ഫിഷറീസ് വകുപ്പ് നിർമ്മിച്ച് ആരോഗ്യ വകുപ്പിന് കൈമാറി വരുന്നു.

ഗൈഡ് ലൈറ്റുകൾ അത്യാവശ്യമാണെന്ന് കാണുന്ന പ്രദേശങ്ങളിൽ, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, അവ സ്ഥാപിച്ചു വരുന്നു.

മേൽപറഞ്ഞ രണ്ട് കാര്യങ്ങൾക്കുമായി തന്നാണ്ടത്തെ ബഡ്ജറ്റിലും തുക വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്ന വിദേശികൾ

10 (*367) ശ്രീ. എം. മുരളി :
ശ്രീ. കെ. സുധാകരൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരക്കടലിലും ഉൾക്കടലിലും ഏതെല്ലാം വിദേശികളും മറ്റു സംസ്ഥാനക്കാരും മത്സ്യബന്ധനം നടത്തുന്നുണ്ട് ;

(ബി) വിദേശികളും മറ്റു സംസ്ഥാനക്കാരും കേരളത്തിന്റെ തീരക്കടലിലും ഉൾക്കടലിലും മത്സ്യം പിടിക്കുന്നത് സമാധാനഭഞ്ജനത്തിന് ഇടയാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു ;

(ഡി) നമ്മുടെ രാജ്യത്തിന്റെ ടെറിട്ടോറിയൽ വാട്ടേഴ്സിന്റെ പരിധി എത്രയാണ് ;

(ഇ) ഈ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്ന വിദേശികളുടെ മത്സ്യബന്ധന സംവിധാനം പിടിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിനുള്ള സംവിധാനം എന്തെന്ന് വിശദീകരിക്കാമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) തീരക്കടലിൽ തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ മത്സ്യബന്ധനം നടത്താറുണ്ട്. ഈ ഭാഗത്ത് വിദേശികൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ആഴക്കടലിൽ മത്സ്യബന്ധനം നടത്താൻ കേന്ദ്ര ഗവൺമെന്റ് താഴെ പറയുന്ന ഒൻപത് ആഴക്കടൽ യാനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1.	ശിവഗംഗ ഫിഷറീസ്	1 യാനം
2.	വെല്ലാ-പി-മോഗർ (സ്പാനിഷ്)	1 യാനം
3.	ഓറിയന്റൽ ഹൈസീഡ്	1 ഫാക്ടറി ട്രോളർ
4.	ഫിഷിംഗ് ഫാൽക്കൺ ഡമി	2 ട്യൂണെവെസൽസ്
5.	ഫോർച്ച്യൂൺ ഓഷ്യാനിക്	2 ഫാക്ടറി ട്രോളർ
6.	റോയ്. ബി. മറൈൻ	1 ഫാക്ടറി ട്രോളർ
7.	എവിറ്റിമുധ്യർ പിറ്റി ലിമി:	1 ഫാക്ടറി ട്രോളർ

സംസ്ഥാനത്തിന്റെ ഉൾക്കടലിൽ മറ്റു സംസ്ഥാനത്തിന്റെ മത്സ്യബന്ധനം നടത്തുന്നുണ്ടോ എന്നു പറയുവാൻ നിർവാഹമില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) കരയിൽ നിന്ന് 22 കി. മീ (12 നോട്ടിക്കൽ മൈൽ)

(ഇ) നിയമവിരുദ്ധ മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി പിടിച്ചെടുക്കാൻ വേണ്ട സംവിധാനങ്ങൾ നിലവിലുണ്ട്.

(എഫ്) നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥരെ എല്ലാ കേന്ദ്രങ്ങളിലും നിയോഗിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസ് വിംഗും പ്രവർത്തിക്കുന്നുണ്ട്. ഫിഷറീസ് വകുപ്പിലെ 42 ഉദ്യോഗസ്ഥരെ ഇംപൗണ്ടിംഗ് ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്.

നാടൻകലാ അക്കാദമി രൂപീകരണം

11 (*368) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാടൻകലാ അക്കാദമി രൂപീകരണത്തെ സംബന്ധിച്ചുള്ള സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാടൻ കലാ അക്കാദമി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ നിർദ്ദിഷ്ട അക്കാദമിയുടെ ആസ്ഥാനം എവിടെ ആയിരിക്കുമെന്ന് വെളിപ്പെടുത്താമോ ;

(സി) നിർദ്ദിഷ്ട അക്കാദമിയുടെ പ്രവർത്തനോദ്ദേശ്യം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly